(185)

RCS/8168/2020-CS(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 28-12-2020
Email: keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel No.0471 2330726

**സർക്കുലർ നമ്പർ 82 /2020**

വിഷയം :- സഹകരണ വകുപ്പ് - കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ എന്നിവ മുഖേന കൺസ്യൂമർ ഉത്പന്നങ്ങൾക്ക് ഹോം ഡെലിവറി സംവിധാനം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ, ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾ മറ്റ് സഹകരണ സ്ഥാപനങ്ങളുടെ നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങൾ വഴി കൺസ്യൂമർ ഉത്പന്നങ്ങൾ ഹോം ഡെലിവറി സംവിധാനം ഉപയോഗിച്ച് ലഭ്യമാക്കുക വഴി ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഉപഭോക്താക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിക്കുന്നതാണ്. ആയത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ നിർദ്ദേശങ്ങൾ അഭിപ്രായ രൂപേണ ആയതിനാൽ കൂടുതൽ പ്രായോഗികമായ രീതി സംഘങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

1. സംസ്ഥാനത്തെ എല്ലാ സഹകരണ കൺസ്യൂമർ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവ മുഖേന കൺസ്യൂമർ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ഹോം ഡെലിവറി സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
2. നീതി മെഡിക്കൽ സ്റ്റോറുകളിൽ ഡോർ ഡെലിവറി സംവിധാനം ഏർപ്പെടുത്തുമ്പോൾ മരുന്നു വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് നിബന്ധനകൾ പാലിക്കേണ്ടതാണ്.
3. സഹകരണ കൺസ്യൂമർ സ്റ്റോറുകൾ നീതി സ്റ്റോറുകൾ എന്നിവ മുഖേന പഴങ്ങൾ, പച്ചക്കറികൾ, പാൽ, പാലുൽപ്പന്നങ്ങൾ, മീറ്റ് പ്രോഡക്ട്സ് എന്നിവയും വിൽപ്പന

നടത്തുന്നത് ഉപഭോക്താക്കൾക്ക് നിത്യോപയോഗ സാധനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകുന്നതും ആയത് ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കുന്നതുമാകും.

4. ഹോം ഡെലിവറി സംവിധാനം നടപ്പിലാക്കുമ്പോൾ ഉപഭോക്താക്കൾക്ക് സാധനങ്ങൾ ഓർഡർ ചെയ്യുന്നതിന് ഒരു വാട്സ് ആപ്പ് നമ്പർ നൽകേണ്ടതും ആയത് പ്രിന്റ് ചെയ്ത കാർഡ് ഉപഭോക്താക്കൾക്ക് നൽകാവുന്നതുമാണ്.
5. ഹോംഡെലിവറി മുഖേന സാധനങ്ങൾ ഓർഡർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് ഇടപാടുകൾ സുഗമമാക്കുന്നതിന് UPI അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതും ഓർഡർ ചെയ്ത സാധനങ്ങൾ 24 മണിക്കൂറിനുള്ളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
6. ഹോംഡെലിവറി സംവിധാനം ഏർപ്പെടുത്തുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഇടനിലക്കാരെ ഒഴിവാക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിനായി പുതിയ നിയമനങ്ങൾ നടത്താനും പാടില്ല. സംഘങ്ങളിൽ നിലവിലുള്ള സെയിൽസ്മാൻമാരുടെ സേവനം ഇതിനായി ലഭ്യമാക്കേണ്ടതാണ്.
7. സംസ്ഥാനത്തെ എല്ലാ സഹകരണ കൺസ്യൂമർ സ്റ്റോറുകളിലും നീതി സ്റ്റോറുകളിലും സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ വിൽപനയ്ക്കായി ഒരു പ്രത്യേക സ്റ്റാൾ സജ്ജീകരിക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ച വിഷയങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് അതാത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹഗാരി ടി.എൽ റെഡ്ഡി ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1 ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2 സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3 എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
4 എഡിറ്റർ, സഹകരണ വീഥി
5 സ്പെയർ/ സ്റ്റോക്ക് ഫയൽ
6 വെബ് സൈറ്റ്

//ആജ്ഞാനുസരണം//
അസിസ്റ്റന്റ് രജിസ്ട്രാർ(സി.എസ്/എച്ച്.വി)